# MAR WALAH

Vol.02 Issue-02 Feb-Mar 2020 "MY LORD, MY GOD"

Santhome Church Bulletin, Hulimavu, Bangalore - 560 076




"LIVE WITH CHRIST"

**“കിസ്തുവിനോടുകൂടെ”**

എന്നതാണ് ഈ നോമ്പുകാലചിന്തകൾക്കായ്
നാം തിരഞ്ഞെടുത്തിരിക്കുന്ന ആപ്തവാക്യം.



VOL. 02 ISSUE 02 FEB-MAR 2020

# മാർ വാലാഹ്

LENT_2020

PALM SUNDAY | LAST SUPPER | GOOD FRIDAY | EASTER

# CONTENTS


| | |
|---|---|
| Vicar's message | 04 |
| Editorial | 08 |
| Santhome: Parish Diary | 09 |
| Annual Feast 2019 | 10 |
| Feast Events - Winners | 12 |
| Mandya News | 13 |
| Global News | 14 |
| St. Paul Miki & St. Oscar Romero | 16 |
| Advice to Parents from Fr. Saji | 17 |
| Stealing god's time? | 19 |
| Anointing of the Holy Spirit through a TV Show! | 22 |
| Prayerful life gives you happiness and confidence | 26 |
| Kavithakal | 28-31 |
| Maalaakha-Children's Corner | 32 |
| Catechism Corner & CML | 35 |
| Mathruvedi | 38 |
| Illuminous | 40 |
| Pithruvedi & SSVP | 42 |



## EDITORIAL BOARD

**Patron:**
Rev. Fr. Manoj Ambalathinkal

**Chief Editor:**
Jayson Pappachan

**Associate Editors:**
P.D. Jose, Binno Joseph
Mercy Alex

**Finance Manager:**
Baiju Korath

**Circulation Team:**
Anil George, Julie Justin,
Shanitha Immanuel

**Layout Design:**
Sunil Varghese

**Printing:**
Joykutty - Ramya Press


Santhome
CHURCH, HULIMAVU

*For Private Circulation only*

Please mail your feedback and suggestions to **santhome.bulletin@gmail.com** or **90080 28905** or drop it in the Parish Bulletin drop box.
You can send photos and matters to the same email address for publishing in the Parish Bulletin

*Printed and published by*
Santhome Church, Hulimavu,
Bangalore 560076



# Bishop'S Message

*We are slowly entering into the season of Lent which is a time called for metanoia which means to walk in a different direction. If you have been walking towards the North, metanoia demands that you walk towards the south. The inner meaning is that you start living out the gospel in a true sense. Lent provides you a beautiful season to reflect on the life of Jesus who is our hope and our love. His passion becomes so real to us during this season. He suffered for us so that we understand the true meaning of suffering and how our suffering can bring healing to other people. Here is an example for you: someone has hurt you very badly for no reason and you are so angry with that person. Jesus asks you to forgive that person. From a human point of you, it is a real suffering since we will have to come down and be in touch with the most sacred place within yourself. You may have to say good bye to your pride and that is not easy. But by forgiving that person or situation, you begin to understand how you save other people by your suffering. Each Christian is a wounded healer.*

*During the season of lent, kindly ask the Spirit to anoint you so that you will listen to His promptings. Only God can lead us to true repentance. Let us pray for each other during this season and support each other through our prayers.*

*With much gratitude,*
***Bishop Sebastian Adayanthrath***



# VICAR'S *Message*

പരിഷ്കൃതമെന്നു കരുതുന്ന ഒരു ലോകത്താണ് നാം ജീവിക്കുന്നത്. അങ്ങനെ വിശ്വസിക്കുവാനാണ് നമുക്ക് ഇഷ്ടം. പൊതുസമൂഹത്തിൽ ഈയിടെ ഏറ്റവും ചർച്ച ചെയ്യപ്പെടുന്ന പൗരത്വ ഭേദഗതിയുമായി ബന്ധപ്പെട്ട വിഷയങ്ങളും, ലോകത്തെല്ലായിടത്തും ഭീതി പരത്തിക്കൊണ്ടിരിക്കുന്ന കൊറോണ വൈറസും നമ്മെ ഒത്തിരി അസ്വസ്തരാക്കുന്നുണ്ട്. ആറു മാസം പ്രായമായ കുഞ്ഞിനെ അമ്മയുടെ ഉദരത്തിൽ വച്ച് വധിക്കുവാൻ നിയമമുണ്ടാക്കുമ്പോൾ, മറുതലയിൽ ഇതാ അമൃത എന്ന മകൾ മാതൃത്വത്തിനുപോലും കഠാര വക്കുവാൻ ചങ്കുറപ്പു കാണിച്ച് നമ്മെ ഞെട്ടിക്കുന്നു. മതനിരപേക്ഷതയും മതേതരത്വവുമെല്ലാം വാതോരാതെ പ്രസംഗിക്കുന്നവർ, പശുവിനു വേണ്ടി മനുഷ്യനെ തല്ലിക്കൊല്ലുമ്പോഴും, “Love Jihad”ൽ പെടുത്തി നമ്മുടെ പെൺകുട്ടികളെ തെരുവിൽ ലേലം ചെയ്യുമ്പോഴും മാനവികതയുടെയും ക്രിസ്തീയതയുടേയും ഉത്തരവാദിത്വങ്ങൾ നമ്മിൽ മങ്ങി മറയുന്നുവോ എന്ന് മനസ്സിൽ അതിയായി ആശങ്ക ഉയരുന്നു. ചായകപ്പിന്റെ ഭംഗി കൂട്ടുവാൻ രാപകൽ പണിയെടുക്കുമ്പോൾ, ചായ കുടിക്കുവാൻ മറന്നു പോകുന്നു നമ്മൾ... ശിഥിലമാകുന്ന കുടുംബന്ധങ്ങളും വികലമാക്കപ്പെടുന്ന ബാല്യ കൗമാരങ്ങളും വല്ലാത്ത നൊമ്പരമാണ് മനസ്സിൽ ഉണർത്തുന്നത്. ഇത്തരമൊരു ചുറ്റുപാടിലാണ് നാം വീണ്ടും ഒരു നോമ്പുകാലത്തിലേക്ക് പ്രവേശിക്കുന്നത്.

ഈ യാത്ര എങ്ങോട്ടാണ്? നമ്മൾ അടിമകളോ സ്വതന്ത്രരോ? ഇവിടെ എല്ലാവർക്കും തുല്യ നീതിയുണ്ടോ? ദൈവമക്കൾ ദൈവഹിതം യഥാവിധം മനസ്സിലാക്കിയിട്ടുണ്ടോ? പല ചോദ്യങ്ങൾക്കും വ്യക്തമായ ഉത്തരമില്ല, എന്നാൽ ഒന്നുറപ്പിച്ച് പറയാം. മാറ്റം അനിവാര്യമാണ്. ആ മാറ്റത്തിനു തുടക്കം നമ്മിൽ നിന്നും ആകണം. അതിനൊരു നല്ല അവസരമാണ് ഈ നോമ്പുകാലം.

## ക്രിസ്തുവിനോടുകൂടെ

ക്രിസ്തുവിനോടുകൂടെ എന്നതാണ് ഈ നോമ്പുകാല ചിന്തകൾക്കായ് നാം തിരഞ്ഞെടുത്തിരിക്കുന്ന ആപ്തവാക്യം. ക്രിസ്തുവിനോടുകൂടെ ആയിരിക്കുന്നവർക്ക് എല്ലാം നന്മയാണ്... എല്ലാം സന്തോഷമാണ്... അവർ പ്രകാശത്തിന്റെ വഴിയിലൂടെ നടക്കുന്നവരാണ്... ഏതൊരു പ്രതിസന്ധികളും തരണം ചെയ്യുവാൻ അവർക്ക് കഴിയും. പിതാവായ ദൈവം പുത്രനായ യേശുവിനെ നമ്മുടെ ജ്ഞാനവും നീതിയും വിശുദ്ധീകരണവും പരിത്രാണവുമാക്കിയിരിക്കുന്നു (1 Cor 1:30). അവിടുത്തെ കൃപയുടെ സമൃദ്ധിക്കൊത്ത് നമുക്ക് ക്രിസ്തുവിൽ പാപമോചനവും അവന്റെ രക്തം വഴി രക്ഷയും കൈവന്നിരിക്കുന്നു (1Eph 1:7). യേശുക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കുന്നവർക്ക് ശിക്ഷാവിധിയില്ല (Rom. 8:1). സ്നേഹമുള്ള സഹോദരങ്ങളേ, യേശുവെന്ന ആ മുന്തിരിച്ചെടിയിൽ ആയിരുന്നുകൊണ്ട് നൂറുമേനി ഫലം പുറപ്പെടുവിക്കുവാൻ (John 15), ക്രിസ്താനുഭവം നിറഞ്ഞ ഒരു നവജീവിതത്തിലേക്ക് വഴി നടക്കുവാൻ, ഈ നോമ്പു കാലം നമ്മെ സഹായിക്കട്ടെ.

## നോമ്പുകാലം... നവീകരണ കാലം

അനുതാപത്തിന്റെ, അനുരഞ്ജനത്തിന്റെ, ദൈവ സ്നേഹത്തിലേക്കുള്ള തിരിച്ചു വരവിന്റെ കാലമാണ് നോമ്പുകാലം. സുബോധം വന്നപ്പോൾ പന്നിക്കൂട് വിട്ട് പിതാവിന്റെ സ്നേഹത്തിലേക്ക് മടങ്ങിയവന്റെ കഥ ഓർക്കുന്ന കാലം. ‘അഹം’ എന്ന ഭാവത്തിൽ നമ്മൾ ഉയർത്തിയ പല കല്ലുകളും നാറാണത്തു ഭ്രാന്തനെപ്പോലെ താഴേക്ക് ഉരുട്ടിക്കളയുവാനുള്ള കാലം. പഴയ മനുഷ്യനെ ഉരിഞ്ഞു മാറ്റി പുതിയൊരു മനുഷ്യനായി രൂപാന്തരപ്പെടുവാനുള്ള കാലം.

സാബു അച്ചൻ ധ്യാനിപ്പിച്ചപ്പോൾ പറഞ്ഞു – “ഹൃദയത്തിൽ നിന്നും ക്ഷമിക്കുക”. ജേക്കബ് മഞ്ഞളി അച്ചൻ പറഞ്ഞു – “നമ്മൾ എല്ലായ്പ്പോഴും മറ്റുള്ളവർക്ക് ഒരു അനുഗ്രഹമാകണം”. ജോസഫച്ചൻ ഓർമ്മപ്പെടുത്തി – “ദൈവത്തോടും മനുഷ്യനോടും നന്ദിയുള്ളവരായിരിക്കണം”. തിരുനാൾ ദിനങ്ങളിൽ നമ്മൾ കേട്ടു അമ്പുകളെ അൻപാക്കി മാറ്റിയ ധീരതയുടെ കഥകൾ! ഈ അനുഭവങ്ങളും പ്രബോധനങ്ങളും നമ്മെ എത്രമാത്രം സ്വീധീനിക്കുന്നുണ്ട്. അരുവിയുടെ അടിത്തട്ടിലെ വെള്ളാരം കല്ലിനു വെള്ളത്തിൽ കിടക്കുന്നതിന്റെ സുഖമുണ്ട്. എന്നാൽ കല്ലിന്റെ ഉള്ളിൽ വെള്ളമിറങ്ങുന്നുണ്ടോ? എത്ര അറിഞ്ഞിട്ടും, യാതൊരു മാറ്റവുമില്ലാത്ത വെള്ളാരം കല്ലുകളാണോ നമ്മൾ?

**ആരാണ് നമ്മൾ... ആരാകണം നമ്മൾ?**

കവി പാടുന്നു.

"ഉച്ചയ്ക്ക് തീ വെയിൽ കൊള്ളുന്ന പൂവിനെ തൊട്ടുതലോടും
തണുപ്പാവുക,

ഇറ്റു വെള്ളത്തിനായ് കേഴുന്ന ജീവന്റെ നാവിലേക്കിറ്റുന്ന നീരാവുക,
ആപത്തിലൊറ്റക്ക് നിൽക്കുന്നൊരുത്തന്റെ കൂടെക്കരുത്തിന്റെ
കൂട്ടാവുക,

വറ്റിവരണ്ടു വായ് കീറിയ മണ്ണിന്റെ ഉള്ളം നിറക്കുന്ന മഴയാവുക
വെയിലേറ്റു വാടി തളർന്നൊരു പാന്ഥനു പായ് വിരിക്കും തണൽ
മരമാവുക

മഴയത്തു പുസ്തകം നനയാതെ കാക്കുവാൻ വലയുന്ന കുഞ്ഞിനു
കുടയാവുക

വഴി തെറ്റിയുൾക്കടലിലിരുളിൽ കിതക്കുന്ന തോണിക്കു ദിശതൻ
വിളക്കാവുക

ഉറ്റവരെയാൾകൂട്ടമൊന്നിലായ് തിരയുന്ന കരയും കുരുന്നിന്നു
തായാവുക

ആഴക്കയത്തിലേക്കാഴ്ന്നു താഴും ജീവനൊന്നിന്നുയർപ്പിന്റെ
വരമാവുക..."

ഇതിൽ എല്ലാമായില്ലെങ്കിലും, ആർദ്രതയും അനുകമ്പയുമുള്ള ഒരു ഹൃദയത്തോടെ, ചിലതെങ്കിലുമൊക്കെ ആകുവാൻ നമുക്ക് പരിശ്രമിക്കാം.

**പുതിയൊരു മനുഷ്യനാകുവാൻ, യേശുവിന്റെ വീണ്ടുമൊരു "തൊടൽ"**

മർക്കോസിന്റെ സുവിശേഷത്തിൽ 8-ാം അധ്യായത്തിൽ യേശു അന്ധന് കാഴ്ച കൊടുക്കുന്ന വിവരണമുണ്ട്. രക്ഷയുടെ ആദ്യ തലങ്ങളിലൂടെ കടന്നുപോയ അന്ധൻ, മനുഷ്യരെ മരങ്ങളായിട്ടാണ് ആദ്യം കണ്ടത്. മനുഷ്യരെ മനുഷ്യരായി കാണുവാൻ, അവനു യേശുവിന്റെ രണ്ടാം തൊടൽ ആവശ്യമായി വന്നു. നമുക്കും യേശുവിന്റെ ഈ രണ്ടാം തൊടൽ നമ്മുടെ ജീവിതത്തിന്റെ പല മേഖലകളിലും ആവശ്യമുണ്ട്. അതിനായി ഈ നോമ്പുകാലത്തു നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.



## നാം എന്തു ചെയ്യണം?

കീറിയ വസ്ത്രമിടുന്നതല്ല നോമ്പുകാലം. കീറേണ്ടത് നമ്മുടെ ഹൃദയമാണ്. നമ്മുടെ സഹോദരങ്ങൾക്കായ്, സത്പ്രവർത്തികൾക്കും ദാന ധർമ്മങ്ങൾക്കും കൂടുതൽ ഉത്സാഹം കാണിക്കുവാൻ നിങ്ങൾ മടിക്കരുത്. ആത്മാവിന്റെ ആഴങ്ങളിൽ ദൈവസ്നേഹമറിയുന്ന, ആ സ്നേഹം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്ന, ജീവനുള്ള ക്രിസ്ത്യാനിയായിരിക്കുവാൻ ഈ നോമ്പുകാലം നമ്മെ ഒരുക്കട്ടെ. കുരിശിന്റെ വഴിയും ഉപവാസവും നോമ്പുകാലത്ത് മുടക്കരുത് എന്ന് സ്നേഹപൂർവ്വം ഞാൻ നിങ്ങളെ ഓർമിപ്പിക്കുന്നു. അനുദിനം വിശുദ്ധ ബലിയിൽ പങ്കെടുത്ത് കൊണ്ടും തിരുവചനം വായിച്ചും, ധ്യാനിച്ചും, നല്ലൊരു പുത്തനഭിഷേകത്തിനായ് നമുക്കൊരുങ്ങാം.

എല്ലാറ്റിനുമുപരി ദൈവമാഗ്രഹിക്കുന്ന പരിശുദ്ധിയിൽ ജീവിക്കുവാൻ, ദൈവമക്കൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം നിങ്ങളുടെ വികാരിയച്ചൻ,

**Fr. Manoj Ambalathinkal**




## METAPHOR OF FAITH

Punctuations impact the meaning of a passage as much as words do ..just the way it is said silence holds as much and sometimes more meaning than sounds. In one sense there is no better punctuation on the spiritual calendar than lent , for Christians : a time that allows us to be reflective and cathartic on a whole year of life lived, and reconnect firmly to our little faith and seek reunion with holy spirit, in what becomes a genuine fresh beginning sometimes. Slightly oxymoronic as it might sound– lent supposedly ( there are different versions to the etymology though) owes its current form and meaning to the Latin term Lentus – this simply means "does not stop"

If resurrection of Jesus is the pinnacle of Christianity, the blood of Christ is the strongest pillar that upholds the edifice of our faith .

**Revelation 7:16**

*"These are they who have come out of the great tribulation; they have washed their robes and made them white in the blood of the Lamb. 15Therefore,*

*"they are before the throne of God*
*and serve him day and night in his temple;*
*and he who sits on the throne*
*will shelter them with his presence.*
*16 'Never again will they hunger;*
*never again will they thirst.*
*The sun will not beat down on them,'[a]*
*nor any scorching heat.*
*17For the Lamb at the center of the throne*
*will be their shepherd;*
*'he will lead them to springs of living water.'[b]*
*'And God will wipe away every tear from their eyes.'[c]"*

We are in an age , wherein Christianity goes through its biggest challenge (for want of a better expression this may be termed as) of "metaphorical faith".

Satan doesn't come any longer with the dark skin ,horns , tooth and claws – in his smart makeover to glib talking 'gurus' of all kinds ..or in corporate avtaars sans any scruples ..fake propaganda powered by artificial intelligence - we have an




ever increasing horde of 'believers' herded to eternal doom in total oblivion by the new age demons.

Remember , the rich young man who asks Jesus ( Book of Mathew) what actions bring eternal life ?

*Looking at the man, Jesus felt genuine love for him. "There is still one thing you haven't done," he told him. "Go and sell all your possessions and give the money to the poor, and you will have treasure in heaven. Then come, follow me."*
*22 At this the man's face fell, and he went away sad, for he had many possessions.*

For many of us , it is easier to hide in rosaries , Sunday services or bible verses forwarded on Whatsapp than to live with Christ, live as Christ washing ourselves in his blood which is embracing our sufferings and therein submitting ourselves totally to God's plan for us. Crosses are not what are symbolically dangled from chains or aesthetically affixed in ornate prayer rooms next to our cosy carpeted living rooms – but instead they are , the smell of sweat and blood of someone from an accident on our way to work ..or that seat we give up on metro train for a needy fellow traveller ..or the courage to shake hands with an AIDS stricken child because that would mean him the world or the gruff hands of an old school mate who is awkward in an alumni meet as destiny did not land him on the same red carpet that you inhabit

Robin Sharma aptly said many years back that road to hell is paved with (just) 'good intentions'!

Be this Lenten season be that vow we take ***to be with Jesus Christ ...***die in our sins , and resurrect in blessed reunion with holy spirit to be 'living our faith' truly.

Wishing everyone an honest and blessed Lenten season.

Santhome
CHURCH, HULIMAVU

# PARISH DIARY

2020 February | 2020 March

**Holy Mass Timings**

**SUNDAY**
**6:30 AM, 8.30 AM, 10.30 AM & 5 PM**
**FRIDAY**
**6 :30 PM**
**MONDAY, WEDNESDAY, THURSDAY, SATURDAY**
**6:30 AM**
**TUESDAY**
**6.30 AM** (in Marillac Convent)





**Advertisement rates in the Parish Bulletin For parishioners:**
**Last page: Rs. 5000/-** (Booked)
**Last but one page (C3) : Rs. 3500/-**
**Inside Full page : Rs. 2500/-**
**Inside Half Page : Rs. 1500/-**
**Inside Quarter Page : Rs. 750/-**
For Those Outside our Parish 20% Additional charges on the rates specified above
For Details, Please contact;
Baiju Korath - 98454 44206, Sunil Varghese - 9886462575

# ANNUAL FEAST 2020













